"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം - കവടിയാർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 341/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക നൽകുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2380/2024/LSGD തീയതി, തിരുവനന്തപുരം, 06-12-2024**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 341/2009 നമ്പർ കേസിന്മേലുള്ള 29/02/2012 തീയതിയിലെ വിധിന്യായം.
2. സ.ഉ.(പി) നം.32/2019/ധന, തീയതി ,18/03/2019.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 15/02/2023 തീയതിയിലെ എ3/2817/2007/ട്രിഡ (3) നമ്പർ കത്ത്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 05/10/2024 തീയതിയിലെ കെ18-101585/13 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ സർവ്വേ നമ്പർ 1746/5 (LA Sy.No.191)-ൽപ്പെട്ടതും ശ്രീ. ജോസഫ് മാത്യു, ഡോ. കുഞ്ഞു കുഞ്ഞമ്മ ജോസഫ് എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.40 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 341/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. മേൽ പരാമർശിച്ച എൽ.എ.ആർ. കേസിന്റെ ബാലൻസ് വിധിക്കടത്തുകയായ 2,83,240/- രൂപ (രണ്ട് ലക്ഷത്തി എൺപത്തിമൂന്നായിരത്തി ഇരുന്നൂറ്റി നാല്പത് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ സർവ്വേ നമ്പർ 1746/5 (LA Sy.No.191)-ൽപ്പെട്ടതും ശ്രീ. ജോസഫ് മാത്യു, ഡോ. കുഞ്ഞു കുഞ്ഞമ്മ ജോസഫ് എന്നിവരുടെ ഉടമസ്ഥതയിൽ

ഉണ്ടായിരുന്നതുമായ 0.40 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 341/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക 2,83,240/- രൂപ (രണ്ട് ലക്ഷത്തി എൺപത്തിമൂന്നായിരത്തി ഇരുന്നൂറ്റി നാല്പത് രൂപ മാത്രം) ടി കേസിലെ കക്ഷികളായ ശ്രീ. ജോസഫ് മാത്യു (മാവിളത്ത് വീട്, ചെന്നിത്തല, ചെറുകോൽ പി.ഒ., മാവേലിക്കര, ആലപ്പുഴ), ഡോ. കുഞ്ഞു കുഞ്ഞമ്മ ജോസഫ് (മാവിളത്ത് വീട്, ചെന്നിത്തല, ചെറുകോൽ പി.ഒ., മാവേലിക്കര, ആലപ്പുഴ) എന്നിവർക്ക് '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. ജോസഫ് മാത്യു, മാവിളത്ത് വീട്, ചെന്നിത്തല, ചെറുകോൽ പി.ഒ., മാവേലിക്കര, ആലപ്പുഴ (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡോ. കുഞ്ഞു കുഞ്ഞമ്മ ജോസഫ്, മാവിളത്ത് വീട്, ചെന്നിത്തല, ചെറുകോൽ പി.ഒ., മാവേലിക്കര, ആലപ്പുഴ (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/ 262/2024/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 07-12-2024 11:05:25
സെക്ഷൻ ഓഫീസർ